# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 204** **08.02.2016 ന് മറുപടിയ്ക്ക്**

## സമഗ്രമായ മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്:<br>,, കെ.ശിവദാസൻ നായർ:<br>,, ഷാഫി പറമ്പിൽ:<br>,, എം.എ. വാഹീദ് :** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സമഗ്രമായ മദ്യനയം നടപ്പാക്കാൻ പദ്ധതി നടപ്പാക്കിയി ട്ടുണ്ടോ; | (എ) | കേരളീയ സമൂഹത്തിൽ വർദ്ധിച്ച് വരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ ആരോഗ്യ സാമൂഹ്യപ്രശ്നങ്ങളും കണക്കിലെടുത്ത്, മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും, കുറയ്ക്കുന്നത് ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ്, 22.8.2014 ലെ ജി.ഒ.(എം.എസ്) 139/ 2014/നി.വ. പ്രകാരവും 20.12.2014 ലെ ജി.ഒ.(എം.എസ്) 205/2014/നി.വ. പ്രകാരവും പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജന ത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായ ഒരു മദ്യനയമാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീല ങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവിമുക്തമാക്കി മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികളാണ് മദ്യനയത്തിൽ പ്രഖ്യാപിച്ച് നടപ്പാക്കി കൊണ്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | 2014-15 വർഷത്തിലെ അബ്കാരിനയത്തിലെ ആദ്യ പടിയായാണ്, പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുക ളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദ് ചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്തത്.<br>ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളില്ലൂ ടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം ചെയ്യാതിരിക്കാൻ, കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ, ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രി വരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും ബിയർ വൈൻ പാർലറുകളുടെയും പ്രവർത്തന സമയം 5 മണിക്കൂർ കുറയ്ക്കുകയുമുണ്ടായി.<br>യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി, മദ്യം വിൽക്കുന്നതിനും വാങ്ങുന്ന തിനുമുള്ള പ്രായപരിധി 18 ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി.<br>കൂടാതെ ദുഃഖവെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു. |

സെക്ഷൻ ഓഫീസർ